സപ്ലൈകോ സ്ഥാപനങ്ങളിലെ ദിവസവേതന ജോലിക്കാരുടെ വേതനം

215 (1249) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ സ്ഥാപനങ്ങളിലെ ദിവസവേതന ജോലിക്കാർക്ക് നിലവിൽ എത്ര രൂപയാണ് വേതനായി നൽകിവരുന്നത് ;

(ബി) ഇത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) സപ്ലൈകോ ഓട്ട് ലെറ്റുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് പ്രതിദിനം 250 രൂപയാണ് നൽകിവരുന്നത്.

1-4-2015 മുതൽ സപ്ലൈകോയിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഡ്രൈവർ, പെട്രോൾ ബങ്കിലെ ദിവസ വേതനക്കാർ എന്നിവർക്ക് വേതനം വർദ്ധിപ്പിച്ച് നൽകിയത് അനുബന്ധമായി ചേർക്കുന്നു.*

മത്സ്യം, ഇറച്ചി എന്നിവയുടെ വില വർദ്ധനവ്

216 (1250) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാർക്ക് അപ്രാപ്യമായ വിധത്തിൽ, കടൽമത്സ്യങ്ങളുടെയും കോഴി ഇറച്ചി ഉൾപ്പെടെയുള്ള ഇറച്ചികളുടെയും വില ദിനംപ്രതി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രോളിംഗ് നിരോധത്തിനുമുമ്പുതന്നെ മത്തി, അയല തുടങ്ങിയ ചെറുമത്സ്യങ്ങളുടെ വിലപോലും കുത്തനെ ഉയർന്നത് എന്തുകൊണ്ടാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) മത്സ്യം, ഇറച്ചി എന്നിവയുടെ വില അനിയന്ത്രിതമായി ഉയരുന്നതു തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കടൽ മത്സ്യങ്ങളുടെ വിലവർദ്ധിക്കുന്നതും കോഴി ഇറച്ചി ഉൾപ്പെടെയുള്ള ഇറച്ചികളുടെ ആഴ്ചവിലയിൽ വർദ്ധനവ് ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. മത്സ്യബന്ധനത്തിന് ആവശ്യമായ ഇന്ധനങ്ങളായ മണ്ണെണ്ണ, ഡീസൽ എന്നിവയുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവിന് ആനുപാതികമായിട്ടാണ് മത്സ്യവിലയിലും വർദ്ധനവുണ്ടായിട്ടുള്ളത്.

(സി) ഫിഷറീസ് വകുപ്പുതലത്തിൽ മത്സ്യത്തിന്റെ വില നിയന്ത്രണത്തിന് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളാണ് വിപണന മേഖലയിൽ പ്രവർത്തിക്കുന്നത്. കേരളത്തിലെ ഇറച്ചിക്കോഴികളുടെ ഉൽപ്പാദനം, വിപണനം എന്നിവ യഥാർത്ഥത്തിൽ നിയന്ത്രിക്കുന്നത് അന്യസംസ്ഥാനങ്ങളിലെ വൻകിട ഉൽപ്പാദകരാണ്. ഇടയ്ക്കിടയ്ക്ക് ഉൽപ്പാദനം കുറയ്ക്കുകയും വിപണനം നിയന്ത്രിക്കുകയും ചെയ്ത് അവർ കൃത്രിമ ക്ഷാമം സൃഷ്ടിച്ച് കോഴിയിറച്ചിയുടെ ആവശ്യകത വർദ്ധിപ്പിക്കുന്നു. ഈ പഴുതിലൂടെ അന്യസംസ്ഥാന കച്ചവടലോബി ഇറച്ചിക്കോഴിയുടെ വില അനിയന്ത്രിതമായി വർദ്ധിപ്പിക്കുന്നു. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഏകദേശം നാൽപ്പത്തഞ്ചോളം സംയോജിത ഇറച്ചിക്കോഴി ഫാമുകളിൽ വളർത്തിയെടുക്കുന്ന കോഴികളെ സ്വന്തം മാംസ സംസ്കരണ കേന്ദ്രത്തിൽ ശാസ്ത്രീയമായി സംസ്കരിച്ച് ഇറച്ചിയാക്കി കെപ്കോ ഏജൻസികൾവഴിയും സ്വന്തം വിൽപന കേന്ദ്രംവഴിയും മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഇതിനുപുറമേ കേരളത്തിൽ ഇറച്ചിക്കോഴി വളർത്തൽ വ്യാപിപ്പിക്കുന്നതിനുവേണ്ടി ഒരുദിവസം പ്രായമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ വിപണിവിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നു. ഇതിനുവേണ്ടി ഈ കോർപ്പറേഷന്റെ കീഴിലുള്ള ഹാച്ചറികളുടെ ശേഷി വർദ്ധിപ്പിക്കാനും അതുവഴി ഒരു കോടി ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ അധികമായി ഉൽപ്പാദിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. എം.പി.ഐ. വിവിധതരം മാംസോൽപ്പന്നങ്ങളുടെ വില കുറച്ചുകൊണ്ട് വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.